GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

20-05-2021

# കാർഷികമേഖലാവാർത്തകൾ

## 1. പ്രകൃതി ക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിക്കുവാൻ 'എയിംസ് പോർട്ടൽ'

- പ്രകൃതി ക്ഷോഭം മലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ട വിധം താഴെ പറയുന്നു..
- എയിംസ് വെബ്സൈറ്റ് സന്ദർശിക്കുക. (https://www.aims.kerala.gov.in)
- മാർഗനിർദ്ദേശങ്ങൾ ക്ലിക്ക് ചെയ്താൽ വ്യക്തിഗതലോഗിന്റേയും ഗ്രൂപ്പ് ലോഗിന്റേയും മാർഗനിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.
- ആദ്യമായി എയിംസ് പോർട്ടൽ ഉപയോഗിക്കുന്നവർ പുതിയരജിസ്ട്രേഷനിൽ ആധാർ നമ്പരും ഫോൺ നമ്പരും ഉപയോഗിച്ച് പേരും മറ്റ് വിവരങ്ങളും രജിസ്റ്റർ ചെയ്ത് പാസ്വേർഡ് സൃഷ്ടിക്കേണ്ടതാണ്.
- യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച് കർഷകലോഗിൻ ക്ലിക്ക് ചെയ്ത് പോർട്ടലിൽ കയറാവുന്നതാണ്.
- പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടം അറിയിക്കുന്നതിലേക്കായി 'റിപ്പോർട്ട് കലാമിറ്റി' ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
- വിളകൾ ഇൻഷുർ ചെയ്തിട്ടുള്ള കർഷകർ 15 ദിവസത്തിനകവും മറ്റ് കർഷകർ 10 ദിവസത്തിനുള്ളിലും എയിംസ് പോർട്ടലിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ് .

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി 'എയിംസ്' എന്ന യൂട്യൂബ് ചാനലിൽ ഓൺലൈനായി വീക്ഷിക്കാവുന്നതാണ്. https://youtu.be/PwW6_hDvriY
- എയിംസ് മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.

2. **ഓൺലൈൻ മൃഗചികിത്സയുമായി വെറ്ററിനറി സർവ്വകലാശാല - 'കാഫ്' പദ്ധതി**

കോവിഡ് മഹാമാരിക്കും ലോക്ഡൗൺ നിയന്ത്രണങ്ങങ്ങൾക്കുമിടയിൽ അരുമകൾക്കും, മറ്റ് വളർത്ത് മൃഗങ്ങൾക്കും ഓൺലൈൻ ചികിത്സാ സംവിധാനം ഒരുക്കി കേരള വെറ്ററിനറി സർവ്വകലാശാല. കെ.വി.എ.എസ്.യു. അഡ്വൈസറി ഫോർ ലൈവ് സ്റ്റോക്ക് ഫാർമേഴ്സ് അഥവാ കാഫ്, (KALF) എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയിൽ വളർത്തുമൃഗ പരിപാലനം, രോഗം, ഭക്ഷണ രീതി, മറ്റ് അനുബന്ധ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിലെ കർഷകരും സംരംഭകരും നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾക്ക് മൊബൈൽ കോൺഫറൻസിങ്ങിലൂടെ സർവ്വകലാശാല വിദഗ്ദർ മറുപടി നൽകും. ഉപദേശങ്ങൾക്കും, സഹായങ്ങൾക്കും വേണ്ടി കർഷകർക്കും, സംരംഭകർക്കും രാവിലെ 9 മുതൽ 12 വരെയും, 2 മുതൽ 5 വരെയും '9447030801' എന്ന ഫോൺ നമ്പറിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്. സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി വെറ്ററിനറി കോളേജിൽ സജ്ജമാക്കിയിരിക്കുന്ന 'കാഫ്' കേന്ദ്രത്തിലേക്ക് എത്തുന്ന ഫോൺ കോളുകൾ ഓൺലൈൻ മൊബൈൽ കോൺഫറൻസിങ്ങിലൂടെ ബന്ധപ്പെട്ട വിദഗ്ദ്ധരായ സർവ്വകലാശാല ശാസ്ത്രജ്ഞൻമാർക്ക് കൈമാറുകയും, നേരിട്ടുള്ള സംശയനിവാരണത്തിന് വേദിയൊരുക്കുകയും ചെയ്യും. കർഷകർ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് കൂടുതൽ വിശദീക

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രണം വിദഗ്ദ്ധർ ആവശ്യപ്പെടുന്ന മുറക്ക് മൃഗങ്ങളുടെ വിവരങ്ങളും, ഫോട്ടോയും സഹിതം സർവ്വകലാശാല നൽകുന്ന ഒരു ഇ-മെയിലിലേക്ക് അയക്കാവുന്നതാണ്. വിശദ മായ അവലോകനത്തിന് ശേഷം പ്രശ്നപരിഹാര നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് :**

1. ഡോ. എം. കെ. നാരായണൻ, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്,

**ഫോൺ :9447019009**

2. ഡോ. എസ്. അജിത് കുമാർ, ഡയറക്ടർ ഓഫ് ക്ലിനിക്സ്

**ഫോൺ : 9400322511**

### 3. അറിയിപ്പ് – ജൈവജീവാണവളങ്ങൾ ഓപ്പൺ ലേണിങ്ങ് കോഴ്സ്

കേരള കാർഷിക സർവകലാശാലയുടെ ഈ പഠകേന്ദ്രം 'ജൈവജീവാണ വളങ്ങൾ' എന്ന വിഷയത്തിൽ മാസീവ് ഓപ്പൺ ലേണിങ്ങ് കോഴ്സ് സംഘടിപ്പിക്കുന്നു. 2021 മേയ് 24 ന് ആരംഭിക്കുന്ന കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം മേയ് 23 ആണ്. 'KAU MOOC' എന്ന പ്ലാറ്റ് ഫോമിലൂടെ മലയാളത്തിൽ പരിശീലിപ്പിക്കുന്ന ഈ കോഴ്സ് 24 ദിവസം ദൈർഘ്യമുള്ളതാണ്. കോഴ്സ് പൂർത്തിയാകുമ്പോൾ പരീക്ഷയിൽ പങ്കെടുത്ത് പാസാകുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും നൽകുന്നതാണ്. താൽപര്യമുള്ളവർക്ക് www.celkau.in/MOOC/Default.aspx എന്ന ലിങ്കുപയോഗിച്ച് ഈ കോഴ്സിനു രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവങ്ങൾക്ക് celkau@gmail.com എന്ന മെയിലിലോ 9567190858, 7994076410, 9497353389 എന്നീ ഫോൺനമ്പരുകളിലോ ബന്ധപ്പെടുക.

### 4. ഓൺലൈൻ ഹെൽപ്പ് ഡസ്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകരുടെ സംശയനിവാരണത്തിനായി ഓൺലൈൻ ഹെൽപ്പ് ഡെസ്ക്ക് കോഴിക്കോട് ജില്ലയിലെ കാർഷിക വിജ്ഞാന വിപണനകേന്ദ്രം വേങ്ങേരിയിൽ പ്രവർത്തനമാരംഭിച്ചു. എല്ലാ ദിവസവും രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ കർഷകർക്ക് സംശയദൂരീകരണം ലഭിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ ഇനി പറയുന്നു.

ഡോ അപർണാ രാധാകൃഷ്ണൻ – **8468990086**

ഷിജ്നി ഇ എം – **9846692616**

## 5. ഓൺലൈൻ പരിശീലനങ്ങൾ

(1) തിരുവനന്തപുരം ക്ഷീരപിശീലന കേന്ദ്രം മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ എന്ന വിഷയത്തിൽ മേയ് മാസം 27 ന് ഗൂഗിൾ മീറ്റ് മുഖാന്തിരം പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ മേയ് 25 ന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി dtctvm99@gmail.com എന്ന വിലാസത്തിൽ പേര്, വിലാസം, വാട്സ് ആപ്പ് നമ്പർ എന്നിവ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിക്കുന്നു.

(2) കൊല്ലം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (20-05-2021 ന് ) രണ്ട് മണിക്ക് 'മഴക്കാലരോഗപ്രതിരോധം അരുമമൃഗങ്ങളിൽ' എന്ന വിഷയത്തിൽ കേരള കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ ഡോ പാർവതി എസ് ഫേസ്ബുക്ക് ലൈവിലൂടെ ഓൺലൈൻ പരിശീലനം നൽകുന്നു. 'കൃഷിവിജ്ഞാൻകേന്ദ്രകൊല്ലം' എന്ന് ഫേസ് ബുക്ക് പേജിൽ ഈ പരിശീലനങ്ങൾ കർഷകർക്ക് ലൈവായി വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447525264** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

(3) ലോക തേനീച്ച ദിനത്തോടനുബന്ധിച്ച് ഇന്ന് (20-05-2021 ന് ) 'ചെറുതേനീച്ചവളർത്തൽ ആരോഗ്യത്തിനും വരുമാനത്തിനും' എന്ന വിഷയത്തിൽ സദാനന്ദപുരം കൃഷി വിജ്ഞാനകേന്ദ്രം ഓൺലൈൻ പ്രഭാഷണം സംഘടിപ്പിച്ചിരിക്കുന്നു. കരമന ഐ എഫ് എസ് ആർ എസിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അസിസ്റ്റന്റ് പ്രൊഫസർ ഡോ ഷനാസ് എസ് ആണ് പ്രഭാഷണം നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടുന്ന ഫോൺ നമ്പർ – **9446088020.**

(4) പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലും ഇന്ന് (20-05-221 ന് ) 'ചെറുതേനീച്ച വളർത്തൽ' എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. ഡോ സാജൻ ജോസ് നൽകുന്ന പരിശീലനത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

(5) തിരുവനന്തപുരത്തുള്ള കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രം ഈ മാസം 24 ന് വൈകിട്ട് മൂന്നു മണി മുതൽ 'ജൈവകൃഷി' എന്ന വിഷയത്തിൽ ഓൺലൈൻ ശില്പശാല നടത്തും. ജൈവകൃഷിയുടെ വിവിധ വശങ്ങൾ കർഷകരിലും ഉദ്യോഗസ്ഥരിലും വിദ്യാർഥികളിലും റസിഡൻസ് അസോസിയേഷനുകളിലും മറ്റും എത്തിക്കുന്നതിന്റെ ഭാഗമായാണിത്. ജൈവകൃഷി രംഗത്ത് ദീർഘകാലമായി ഗവേഷണ-വികസന പ്രവർത്തനങ്ങൾ നടത്തുന്ന പ്രമുഖർ ക്ലാസ്സുകളെടുക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓൺലൈനിൽ ലിങ്കിനായി 8547441067 എന്ന വാട്സ്ആപ്പ് നമ്പറിൽ പേരും വിലാസവും അയക്കുക.

## 6. വിള പരിപാലന നിർദ്ദേശങ്ങൾ

പച്ചക്കറിവിളകളിലെ മഴക്കാലജന്യ കുമിൾ രോഗങ്ങളായ മൂട്ട ചീയൽ, തൈ ചീയൽ ,തുടങ്ങിയവയ്ക്കെതിരെ മുൻകരുതലായി സ്യൂഡോമോണസ് , ട്രൈ ക്കോഡെർമ തുടങ്ങിയ ജൈവ കുമിൾനാശിനികൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് രണ്ടാഴ്ച ഇടവേളകളിലായി തളിക്കുക. രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഒരു ശതമാനം ബോർഡോ മിശ്രിതം അല്ലെങ്കിൽ 3ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക.